**കേരള കാർഷിക സർവ്വകലാശാല**
സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി
പെരുമ്പാവൂർ,ഏറണാകുളം ജില്ല, , പിൻ 683 549, കേരളം
ടെലിഫോൺ: 0484- 2658221 ; ഇ മെയിൽ: ampr s@kau.in; വെബ്സൈറ്റ്: http://amprs.kau.in

നമ്പർ: എ/884/19 തീയ്യതി : 23.07.2024

# **ക്വട്ടേഷൻ നോട്ടീസ്**

ഈ കേന്ദ്രത്തിലെ വിവിധ ആവശ്യങ്ങളിലേക്ക് താഴെ പറയുന്ന വാഹനം 06.08.2024 മുതൽ ഒരു വർഷത്തേക്ക് വാടകയ്ക്ക് ഓടിക്കുന്നതിനുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ ഫാറം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ക്വട്ടേഷൻ 05.08.2024 ന് 3.00 pm ന് മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 3.30 pm ന് തത്സമയം ഹാജരായിട്ടുള്ള ക്വട്ടേഷൻ നൽകിയിട്ടുള്ള വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും. ക്വട്ടേഷൻ അംഗീകരിക്കുന്ന ദിവസം മുതൽ ഒരു വർഷത്തെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

1. കാർ 5 പേർക്ക് യാത്ര ചെയ്യാവുന്ന തരത്തിലുള്ള വാഹനം (A/c ഉള്ളത്)

ക്വട്ടേഷനിൽ ഒരു കിലോമീറ്റർ ദൂരം ഓട്ടത്തിനുള്ള നിരക്കും വെയിറ്റിംഗ് ചർജ്ജ് നിരക്കും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഓടക്കാലിയിൽ നിന്നും പുറപ്പെട്ട് തിരികെ ഓടക്കാലിയിൽ എത്തിച്ചേരുമ്പോഴുള്ള ദൂരം മാത്രമേ കണക്കാക്കുകയുള്ളൂ. മിനിമം നിരക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ളതായിരിക്കും.

Trip ന് ഇടയിൽ അംഗീകൃത toll കൊടുക്കേണ്ടിവരുന്ന പക്ഷം അത് കരാറുകാരൻ തന്നെ നൽകേണ്ടതാണ്. ആയതിന്റെ രസീതി trip sheet നോടൊപ്പം സമർപ്പിക്കുന്നപക്ഷം പ്രസ്തുത തുക വാടകയോടൊപ്പം നൽകുന്നതായിരിക്കും.

ഡ്രൈവറിന് ടി.എ. ഡി.എ. മറ്റു ബത്തകൾ എന്നിവയൊന്നും തന്നെ അനുവദിക്കുന്നതല്ല. വാഹനത്തിന് സാധുതയുള്ള കേരള രജിസ്ട്രേഷൻ, ഇൻഷുറൻസ് കവറേജ്, മറ്റു രേഖകൾ മുതലായവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഈ സ്റ്റേഷനിലെ ഔദ്യോഗിക കാര്യങ്ങൾക്കായി വണ്ടി ഓടുമ്പോൾ വണ്ടിയുടെ അറ്റകുറ്റപണികൾക്കോ, അപകടങ്ങൾക്കോ, മറ്റു തകരാറുകൾക്കോ കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരു തരത്തിലുള്ള ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

വാഹനം ആവശ്യപ്പെടുന്ന ദിവസം ഹ്രസ്വദൂരയാത്രയെന്നോ ദീർഘദൂരയാത്രയെന്നോ വ്യത്യാസമില്ലാതെ കൃത്യസമയത്തിനു തന്നെ നിർദ്ദിഷ്ട സ്ഥലത്ത് എത്തിക്കേണ്ടതാണ്.

ഏറ്റവും കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയിരിക്കുന്ന ആളിന്റെ ക്വട്ടേഷൻ തൃപ്തികരമാണെങ്കിൽ സ്വീകരിക്കുന്നതും ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി സർക്കാർ നിബന്ധനകൾ അനുസരിക്കേണ്ടതും അല്ലാത്തപക്ഷം സർവ്വകലാശാലയ്ക്കുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദിയായിരിക്കുന്നതുമാണ്. ക്വട്ടേഷൻ യാതൊരു മുന്നറിയിപ്പും കൂടാതെ നിരാകരിക്കുന്നതിനും വാർഷിക കരാർ റദ്ദുചെയ്യുന്നതിനുമുള്ള അവകാശം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമാണ്.

ഗവൺമെന്റ് ക്വട്ടേഷന് ബാധകമായിട്ടുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമായിരിക്കുന്നതാണ്.

(ഒപ്പ്)
**പ്രൊഫസർ & ഹെഡ്**

To

നോട്ടീസ് ബോർഡ് - ഓഫീസ്/ഫാം ഓഫീസ്/ സെയിൽസ് സെന്റർ
- അശമന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്
- അശമന്നൂർ കൃഷിഭവൻ ഓഫീസ്
- അശമന്നൂർ വില്ലേജ് ഓഫീസ്

സർക്കുലേഷൻ കോപ്പി

# വാഹനം (കാർ A/c ഉള്ളത് 5 പേർക്ക് യാത്ര ചെയ്യാവുന്നത്) വാടകയ്ക്ക് തരുന്നതിനുള്ള ക്വട്ടേഷൻ

കരാറിന്റെ കാലയളവ്: 06.08.2024 മുതൽ ഒരു വർഷം

| | | |
|---|---|---|
| 1 | റണ്ണിംഗ് കിലോമീറ്റർ നിരക്ക് | |
| 2 | വെയിറ്റിംഗ് ചർജ്ജ് നിരക്ക് (മണിക്കൂറിന്) | |
| 3 | ക്വട്ടേഷനറുടെ പേര് | |
| 4 | ക്വട്ടേഷനറുടെ പൂർണവിലാസം | |
| 5 | മൊബൈൽ നമ്പർ | |

<u>സത്യപ്രസ്താവന</u>

ഞാൻ ................................................................ ഓടക്കാലി സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യത്തിലേക്കായി എന്റെ കാർ 5 പേർക്ക് യാത്ര ചെയ്യാവുന്ന തരത്തിലുള്ള വാഹനം (A/c ഉള്ളത്) വാടകയ്ക്ക് ഓടുന്നതിന് ക്വട്ടേഷൻ ലഭിക്കുന്ന പക്ഷം A/884/19 dt.23.07.2024 ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകൾക്കും, സർക്കാർ നിബന്ധനകൾക്കും വിധേയമായി ലഭ്യമാക്കാമെന്ന് ഇതിനാൽ ഉറപ്പുനൽകുന്നു.

എന്ന്

സ്ഥലം: ഒപ്പ്:

തീയതി: പേര്: